# ടിബി പ്രതിരോധമരുന്ന്: എംജിയിലെ ഗവേഷണഫലം ദേശീയ ശേഖരത്തിൽ

## ഗവേഷണഫലം വിവിധ തലങ്ങളിൽ ചർച്ച ചെയ്യും

കെ. ടോണി ജോസ്

കോട്ടയം: മലേറിയ, ക്ഷയം (ടിബി) തുടങ്ങി ഇന്ത്യയിൽ വ്യാപകമായി കാണുന്ന രോഗങ്ങൾക്കു പ്രതിരോധമരുന്നു തേടുന്ന കൗൺസിൽ ഓഫ് സയന്റിഫിക് ആൻഡ് ഇൻഡസ്ട്രിയൽ റിസർച്ചി(സിഎസ്ഐആർ)ന്റെ തുറന്ന ശേഖരത്തിലേക്കുള്ള ആദ്യ സംഭാവന എംജി സർവകലാശാലവക.

യുണിവേഴ്സിറ്റിയുടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റൻസീവ് റിസർച് ഓൺ ബേസിക് സയൻസസിൽ വികസിപ്പിച്ചെടുത്ത ടിബി പ്രതിരോധശേഷിയുള്ള തന്മാത്ര (മോളിക്യൂൾ) ചർച്ചകൾക്കും തുടർഗവേഷണങ്ങൾക്കുമായി സിഎസ്ഐആറിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ഓപ്പൺ സോഴ്സ് ഡ്രഗ് ഡിസ്കവറി (ഒഎസ്ഡിഡി) പ്രോജക്ടിന്റെ ഭാഗമായുള്ള ഈ വെബ്സൈറ്റിന് ഓപ്പൺ റിപ്പോസിറ്ററി (തുറന്ന ശേഖരം) എന്നാണു പേര്. ഈ വെബ്സൈറ്റിൽ എത്തുന്ന ആദ്യ ഗവേഷണഫലമാണിത്. ഈ മോളിക്യൂളിന്റെ സാധ്യതകൾ ഇനി വിവിധ തലങ്ങളിൽ ചർച്ചചെയ്യപ്പെടും. രാജ്യത്തെ സർവകലാശാലകളിലെയും ഗവേഷണ സ്ഥാപനങ്ങളിലെയും ഈ മേഖലയിലെ ഗവേഷണ ഫലങ്ങൾ ഒരുമിപ്പിക്കുകയും തുറന്ന ശേഖരത്തിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നതാണ് ഒഎസ്ഡിഡി.

ഇന്ത്യയിൽ പ്രതിദിനം ആയിരം പേർ ടിബി മൂലം മരിക്കുന്നുവെന്നാണു കണക്ക് - ഓരോ മൂന്നു മിനിറ്റിലും രണ്ടു മരണം. ചില രാജ്യങ്ങളിൽ മാത്രം കാണുന്ന രോഗമെന്ന നിലയിൽ ടിബി പ്രതിരോധ മരുന്നുകളുടെ ഗവേഷണത്തിലോ അവയുടെ വിപണനത്തിലോ വൻകിട മരുന്നുകമ്പനികൾക്കു താൽപര്യം കുറവാണ്. ഈ പശ്ചാത്തലത്തിലാണ് സിഎസ്ഐആർ ഇതു സംബന്ധിച്ച ഗവേഷണങ്ങൾക്കു പ്രചാരം നൽകാൻ ആരംഭിച്ചത്.

വിവിധ സ്ഥാപനങ്ങൾ വികസിപ്പിച്ചെടുക്കുന്ന തന്മാത്രകളും അവരുടെ ഗവേഷണഫലങ്ങളും വെബിലെ തുറന്ന ശേഖരത്തിൽ ലഭ്യമാക്കും. ഇതേപ്പറ്റി തുടർഗവേഷണങ്ങളും പഠനങ്ങളും നടക്കും. അതിലൂടെ പ്രതിരോധമരുന്നുകൾ വികസിപ്പിച്ചെടുക്കുകയാണു ലക്ഷ്യം. തുറന്ന ശേഖരത്തിലെ മോളിക്യൂളുകളുടെ പ്രതിരോധശേഷിയും മറ്റും സിഎസ്ഐആറിന്റെ കീഴിലുള്ള സെൻട്രൽ ഡ്രഗ് റിസർച് ഇൻസ്റ്റിറ്റ്യൂട്ട് (സിഡിആർഐ) ആണു പരിശോധിക്കുക. ഇന്ത്യയിലെ പ്രധാന സർവകലാശാലകളും ഐഐടികൾ, ഐഐഎസ്സികൾ, ഐഎസ്ഇആറുകൾ തുടങ്ങിയ സ്ഥാപനങ്ങളും ഈ ശൃംഖലയിൽ പങ്കാളികളാണ്. പങ്കാളിത്ത – പങ്കുവയ്ക്കൽ ഗവേഷണത്തിലൂടെ പ്രതിരോധമരുന്നുകൾ വികസിപ്പിച്ചെടുക്കാനുള്ള ലോകത്തിലെ അപൂർവമായ ശ്രമങ്ങളിലൊന്നാണു സിഎസ്ഐആർ നടത്തുന്നതെന്ന് ഒഎസ്ഡിഡി പ്രോജക്ട് ഡയറക്ടറും മലയാളിയുമായ സക്കീർ തോമസ് മനോരമയോടു പറഞ്ഞു. എംജിയിലെ അടിസ്ഥാന ശാസ്ത്ര ഗവേഷണ വിഭാഗം കോ-ഓർഡിനേറ്റർ ഡോ. ഇബ്നു സൗദ്, ഡോ. ഗ്രേസ് തോമസ്, ദീനാമ്മ ആബേൽ എന്നിവരാണ് മോളിക്യൂൾ വികസിപ്പിച്ചെടുത്തത്.